**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** | **12-06-2024 - ൽ മറുപടിയ്ക്ക്**

**വെള്ളായണി കായൽ ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിഭവ വകുപ്പിന്റെ അധീനതയിൽ ഉള്ള തിരുവനന്തപുരം വെള്ളായണി കായൽ പ്രദേശത്ത് ജലവിതാനത്തിൽ പ്രദേശ വാസികൾക്ക് ഉള്ള കായൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; | (എ) | വെള്ളായണി കായൽ ജലവിതാനത്തിൽ ഉള്ള പട്ടയഭൂമിയിൽ വില നിശ്ചയിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് വഴി പുരോഗമിക്കുന്നു. അതിർത്തി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികളും റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. |
| (ബി) | കായൽ ഭൂമി ഏറ്റെടുക്കുന്നതിന് 13.04.2022-ലെ 324/2022/ജ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 16.02.2022-ലെ ഡി2/7393/2021 നമ്പർ കത്ത് പ്രകാരവും എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) | വെള്ളായണി കായൽ ജലവിതാനത്തിൽപ്പെട്ട പട്ടയഭൂമിയുടെ വില നിശ്ചയിക്കുന്നതിന് വേണ്ടി റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടതനുസരിച്ച് തഹസിൽദാരെ ഉൾപ്പെടുത്തി കളക്ടർ അധ്യക്ഷനായുള്ള സമിതി രൂപീകരിക്കുകയും പ്രസ്തുത പ്രദേശത്തെ വില നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വില നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ